## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4075 03.02.2014-ൽ മറുപടിക്ക്**

## <u>ആന്റി ബയോട്ടിക് ഔഷധനയം</u>

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**,, തോമസ് ചാണ്ടി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) രോഗികൾക്ക് അതിവേഗം ആശ്വാസം നൽകി അവരുടെ വിശ്വാസം നേടി പ്രാക്ടീസ് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു വിഭാഗം ഡോക്ടർമാരുടെ ശ്രമമാണ് ആന്റി ബയോട്ടിക് ഔഷധങ്ങളുടെ ദുരുപയോഗമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അശാസ്ത്രീയമായ ഔഷധ പ്രയോഗങ്ങൾ സർക്കാർ ആശുപത്രികളിൽ നടന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഡോക്ടർമാരുടെ ഔഷധപ്രയോഗം നിരീക്ഷണ വിധേയമാക്കാനും നിയന്ത്രണം ഏർപ്പെടുത്താനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) ആരോഗ്യ വകുപ്പിലെ പൊതുവായുള്ള മേൽനോട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയ ഓഫീസർമാരും സംസ്ഥാന തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലുള്ള ഓഫീസർമാരും ആരോഗ്യ വകുപ്പിലെ ആശുപത്രികളിലെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലെയും ഔഷധ ഉപയോഗം അടക്കമുള്ള കാര്യങ്ങൾ നിരീക്ഷിക്കാറുണ്ട്. ഔഷധ ഉപയോഗക്രമങ്ങൾ നിരീക്ഷിക്കാനുള്ള പ്രത്യേക സംവിധാനങ്ങൾ ഇപ്പോൾ നിലവിലില്ല. എന്നാൽ ഡോക്ടർമാരുടെ മരുന്ന് പ്രയോഗങ്ങൾ ചിട്ടയായ രീതിയിലാക്കാൻ സഹായകമാകുന്ന ട്രീറ്റ്മെന്റ് |

പ്രോട്ടോകോളുകൾ വിവിധ ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായും പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായും ലഭ്യമാക്കി വരുന്നുണ്ട്. 2009-ൽ ഡോക്ടർമാർക്ക് ഔഷധ ഉപയോഗങ്ങളെ സംബന്ധിക്കുന്ന ഒരു ഡ്രഗ്ഗ് ഫോർമുല തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഒരു ആന്റി ബയോട്ടിക് പോളിസി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ